DESPATCHED
ON 05/06/2020

24/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.01(1)/2020/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.197/SIC-Gen4/2020**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. ജയൻ കെ.എസ്.,
കാഞ്ഞിരത്തിങ്കൽ വീട്,
എൻ.എച്ച്. മൂലേപ്പാടം റോഡ്,
എച്ച്.എം.റ്റി. ജംഗ്ഷൻ, കളമശ്ശേരി – 683 104. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അസിസ്റ്റന്റ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയറുടെ കാര്യാലയം, പൊതുമരാമത്ത് വകുപ്പ് (കെട്ടിടം) വൈദ്യുതി വിഭാഗം, പബ്ലിക് ആഫീസ്, മ്യൂസിയം പി.ഒ., തിരുവനന്തപുരം.
2. അപ്പീൽ അധികാരി & ഡെപ്യൂട്ടി സൂപ്രണ്ടിംഗ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയറുടെ കാര്യാലയം, പൊതുമരാമത്ത് വകുപ്പ് (കെട്ടിടം) വൈദ്യുതി വിഭാഗം, പബ്ലിക് ആഫീസ്, മ്യൂസിയം പി.ഒ., തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19/09/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08/11/2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 21/11/2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 21/12/2019 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 04/01/2020 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 04/01/2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18/01/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 22/02/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 22/02/2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ആഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ജയൻ കെ.എസ്., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, പെരുമ്പാവൂർ കോടതി, രാജ്ഭവൻ, ആറ്റിങ്ങൾ പോളിടെക്നിക്ക്,

ട്രോമാകെയർ, വണ്ടാനം മെഡിക്കൽ കോളേജ് എന്നീ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി പൊതുമരാമത്ത് വകുപ്പ് വൈദ്യുതി വിഭാഗം ടെൻഡറിംഗ് വിളിക്കുന്നതിന് ആസ്പദമായിട്ടുള്ള ലോക്കൽ മാർക്കറ്റ് റേറ്റ് ഉണ്ടാക്കുന്നതിനു വേണ്ടി തയ്യാറാക്കിയ ഡാറ്റാ ഷീറ്റിന്റെ പകർപ്പാണ് ടിയാൻ ആവശ്യപ്പെട്ടത് എന്നും എന്നാൽ അതാണെന്ന വ്യാജേന മറ്റൊരു രേഖയാണ് ടിയാന് നൽകിയിട്ടുള്ളത് എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. വൈദ്യുതീകരണ ജോലികൾക്കു വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക ടെണ്ടർ വിളിച്ചതിനുശേഷം പരിശോധനയ്ക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് സമർപ്പിച്ച എൽ.എം.ആർ.ന് ആസ്പദമായ ഡാറ്റാ ഷീറ്റും അനുബന്ധരേഖകളും പെരുമ്പാവൂർ കോടതി, രാജ്ഭവൻ, തിരുവനന്തപുരം പോളിടെക്നിക്ക്, വണ്ടാനം മെഡിക്കൽ കോളേജ് എന്നീ പ്രവൃത്തികൾ സംബന്ധിച്ച് അയച്ചു നൽകണമെന്നും

ii. ജി.ഒ.(പി)നം.16/17/ഫിൻ. തീയതി 6.2.2017 പ്രകാരം പെരുമ്പാവൂർ കോടതിയുടെ എൽ.എം.ആർ. എന്നാണ് പബ്ലിഷ് ചെയ്തത് എന്നും ഏതാണ് വെബ്സൈറ്റ് എന്നും

iii. മേൽപ്പടി ഗവൺമെന്റ് ഉത്തരവുപ്രകാരം രാജ്ഭവന്റെ എൽ.എം.ആർ. എന്നാണ് പബ്ലിഷ് ചെയ്തതെന്നും എതാണ് വെബ്സൈറ്റ് എന്നും മറ്റുമായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, പൊതുമരാമത്ത് വകുപ്പിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് അംഗീകൃത ഡാറ്റാ അനുസരിച്ചാണെന്നും ബന്ധപ്പെട്ട പ്രവൃത്തികളുടെ എൽ.എം.ആർ എസ്റ്റിമേറ്റ് മേൽപ്പടി രീതിയിൽ തയ്യാറാക്കിയാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിട്ടുള്ളതെന്നും അതു സംബന്ധിച്ച അനുബന്ധരേഖകൾ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമല്ല എന്നും ഹർജിക്കാരന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ സർക്കാർ ഉത്തരവിൽ ഏതെങ്കിലും പ്രത്യേക പ്രവൃത്തിയുടെ എൽ.എം.ആർ. എസ്റ്റിമേറ്റ് പ്രസിദ്ധീകരിക്കുവാൻ പറഞ്ഞിട്ടില്ല എന്നും ആയതിനാൽ പ്രസ്തുത പ്രവൃത്തികളുടെ എൽ.എം.ആർ എസ്റ്റിമേറ്റ് പ്രസിദ്ധീകരിച്ചിട്ടില്ല എന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സുതാര്യമായ രീതിയിൽ നൽകണമെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ച 4 പ്രവൃത്തികൾക്കുള്ള എൽ.എം.ആർ. എസ്റ്റിമേറ്റ് മാത്രമേ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ നൽകിയിട്ടുള്ളു എന്നും അവ തയ്യാറാക്കിയിട്ടുള്ളത് അംഗീകൃത ഡാറ്റാ അനുസരിച്ചാണെന്നും അത് സംബന്ധിച്ച രേഖകൾ 22.4.2019 തീയതി ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നും മറ്റുമാണ്.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പൊതുമരാമത്ത് വകുപ്പ് വൈദ്യുതി വിഭാഗം അംഗീകൃത സ്പെസിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ക്ഷണിക്കുന്ന ടെണ്ടറുകൾക്ക് പ്രത്യേക

ലോക്കൽ മാർക്കറ്റ് റേറ്റ് ഡാറ്റാ ഷീറ്റ് തയ്യാറാക്കുന്ന പതിവില്ല എന്നും സർക്കാർ അംഗീകരിച്ച നിരക്കിൽ നിന്നും അധിക നിരക്കിലുള്ള ടെണ്ടറുകൾ മൂല്യനിർണ്ണയം നടത്തേണ്ടി വരുമ്പോൾ മാത്രമാണ് എൽ.എം.ആർ. എസ്റ്റിമേറ്റ് തയ്യാറാക്കുകയും പരിശോധിക്കുകയും ചെയ്യാറുള്ളത് എന്നും എൽ.എം.ആർ. എസ്റ്റിമേറ്റുകൾ ബന്ധപ്പെട്ട സെക്ഷനുകളിൽ തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേനയാണ് ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ കാര്യാലയത്തിൽ ലഭിക്കുന്നത് എന്നും അവ അംഗീകൃത ഡാറ്റാ അനുസരിച്ച് തയ്യാറാക്കുന്നതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കുന്ന എൽ.എം.ആർ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് ടെണ്ടർ മൂല്യനിർണ്ണയം നടത്തുന്നത് എന്നും ഹർജിക്കാരൻ പൊതുമരാമത്ത് വകുപ്പിലെ ഒരു കരാറുക്കാരനാണെന്നും അതുകൊണ്ട് തന്നെ വകുപ്പിലെ നടപടിക്രമങ്ങൾ ടിയാന് അറിയാവുന്നതാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖ എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലാത്തതിനാലാണ് അപ്രകാരം മറുപടി നൽകിയത് എന്നും ഹർജിക്കാരന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ 4 പ്രവൃത്തികളിൽ അധിക മൂല്യനിർണ്ണയം ആവശ്യമായി വന്ന 3 പ്രവൃത്തികളുടെയും എൽ.എം.ആർ.ന്റെ പകർപ്പ് ആർ.ടി.ഐ.നം.18/18–19 പ്രകാരം ഹർജിക്കാരന് 22.4.2019 തീയതി ലഭ്യമാക്കിയിട്ടുള്ളതാണെന്നും ഹർജിക്കാരന്റെ അപേക്ഷയിലെ 5 മുതൽ 8 വരെയുള്ള ഇനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ബന്ധപ്പെട്ട പ്രവൃത്തികളുടെ എൽ.എം.ആർ. എസ്റ്റിമേറ്റ് പബ്ലിഷ് ചെയ്ത തീയതിയാണെന്നും മേൽപ്പടി സർക്കാർ ഉത്തരവിൽ എൽ.എം.ആർ. നിരക്കുകളാണ് പ്രസിദ്ധീകരിക്കുവാൻ പറയുന്നത് എന്നും പൊതു നിരക്കുകൾ കാലാകാലങ്ങളിൽ 'പ്രൈസിൽ' പ്രസിദ്ധീകരിക്കാറുണ്ടെന്നും ഏതെങ്കിലും പ്രത്യേക പ്രവൃത്തിയുടെ എൽ.എം.ആർ. എസ്റ്റിമേറ്റ് പ്രസിദ്ധീകരിക്കുന്ന നടപടിക്രമം പൊതുമരാമത്ത് വകുപ്പിന് ഇല്ല എന്നും അക്കാര്യവും ഹർജിക്കാരനെ അറിയിച്ചിരുന്നു എന്നും ഹർജിക്കാരന്റെ 18.5.2019–ലെ ആർ.ടി.ഐ.നം.13/19–20 അപേക്ഷ പ്രകാരം എൽ.എം.ആർ. ഡാറ്റാ ഷീറ്റ് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന ലഭ്യമാകുന്നതാണെന്ന് ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നും ഹർജിക്കാരൻ ആരോപിക്കുന്ന പ്രകാരം ഡാറ്റാ ഷീറ്റ് എന്ന രേഖ വ്യാജേന നൽകി എന്നു പറയുന്നത് വസ്തുതാവിരുദ്ധമാണെന്നും മാർക്കറ്റ് റേറ്റുകൾ 'പ്രൈസ്' സോഫ്റ്റ്‌വെയർ മുഖേന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണെന്നും ആയത് ഒരു രഹസ്യരേഖ അല്ല എന്നും ഹർജിക്കാരൻ നൽകിയിട്ടുള്ള 27 വിവരാവകാശ അപേക്ഷകളിൽ പലതും പൊതുതാത്പര്യമില്ലാത്തതും ദുരുദ്ദേശത്തോടെ ഉള്ളതുമാണെന്നും ഇ–ടെണ്ടർ മുഖേന നടത്തുന്നവയിൽ ഹർജിക്കാരന് ലഭിക്കാതെ വരുന്ന ടെണ്ടറുകൾ സംബന്ധിച്ചാണ് ടിയാൻ വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ തേടുന്നത് എന്നും പല തവണ നൽകിയ വിവരങ്ങൾ ഒന്നിലധികം പ്രാവശ്യം തുടർച്ചയായി ആവശ്യപ്പെട്ട് ഉദ്യോഗസ്ഥരെ ലക്ഷ്യം വച്ചുകൊണ്ട് അവരുടെ മനോവീര്യം തകർക്കുക എന്ന രീതിയിലാണ് ഹർജിക്കാരൻ പ്രവർത്തിച്ചു വരുന്നത് എന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, എതിർകക്ഷി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് നൽകിയിട്ടുള്ളതായി കാണുന്നു. എന്നിരുന്നാലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ എതിർകക്ഷി ഓഫീസിൽ ലഭ്യമായവ നൽകിയിട്ടുണ്ടെന്ന് ബോധ്യമാകുന്നതിലേക്കായി ഹർജിക്കാരൻ താത്പര്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട ഫയലുകൾ സൗജന്യമായി പരിശോധിക്കുവാനും കുറിപ്പ് എഴുതി

എടുക്കുവാനുള്ള അവസരം ഹർജിക്കാരന് സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 24-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൺ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി